# പരാതിക്ക് ചെലവ് 5000 രൂപ!
## സാധാരണക്കാർ പരാതിപ്പെടേണ്ടെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ

പ്രശാന്ത് പരമേശ്വരൻ

പരാതിപ്പെടാനുള്ള അവകാശം സാധാരണക്കാർക്ക് നിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഉത്തരവിറക്കി. ഡോക്ടർമാരുടെ അനാസ്ഥക്കെതിരെ പരാതിപ്പെടണമെങ്കിൽ 5000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് വേണമെന്ന ഭേദഗതി നിയമത്തിൽ വരുത്തിയാണ് മെഡിക്കൽ കൗൺസിൽ ജനദ്രോഹ തീരുമാനത്തിന് വഴിയൊരുക്കിയത്.

നിലവിൽ ഡോക്ടർ സമൂഹത്തിന്റെ അനാസ്ഥക്കും, കൊള്ളരുതായ്മക്കുമെതിരെ പരാതിപ്പെടാനുള്ള സർക്കാർ സംവിധാനമാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിലവിലെ സർക്കാർ സംവിധാനത്തിൽ ഡോക്ടർമാർക്കെതിരെ പരാതിയെടുക്കാനുള്ള ഏകസംവിധാനം കൂടിയാണിത്. ഡോക്ടർ രജിസ്ട്രേഷൻ ഇല്ലായ്മ ചെയ്യാനുള്ള അധികാരം മെഡിക്കൽ കൗൺസിലിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഡോക്ടർ സമൂഹത്തിനെതിരായ നടപടികളിൽ അലംഭാവം കാണിക്കുന്നെന്ന് ഏറെ ആക്ഷേപം ഉയർന്നിരുന്ന മെഡിക്കൽ കൗൺസിൽ ഈ തീരുമാനത്തോടെ ഡോക്ടർമാരുടെ താളത്തിനൊത്ത് തുള്ളുന്ന സംവിധാനം മാത്രമാണെന്ന് തെളിയിച്ചു.

സർക്കാർ സംവിധാനങ്ങളിൽ പരാതിയുണ്ടെങ്കിൽ പറയാനുള്ളത് പൗരന്റെ അവകാശമാണ്. അഭിഭാഷകർക്കെതിരായ പരാതികൾ യാതൊരു ഫീസും കൂടാതെ അവതരിപ്പിക്കാനും അന്വേഷണത്തിനും തുടർനടപടിക്കും നിലവിൽ സംവിധാനമുണ്ട്. മറ്റ് പ്രൊഫഷനേക്കാളും ഉയർന്നു നിൽക്കുന്നതും പരാതി കേൾക്കാനോ, നടപടികൾക്കോ പിന്നാലെ പോകേണ്ടവരോ അല്ല തങ്ങളെന്ന ഈ ഉത്തരവിലൂടെ മെഡിക്കൽ കൗൺസിൽ വ്യംഗ്യമായി പ്രസ്താവിക്കുന്നു. നാളിതുവരെ യാതൊരു ഫീസും കൂടാതെ മെഡിക്കൽ കൗൺസിലിൽ പരാതിപ്പെടാൻ സംവിധാനമുണ്ടായിരുന്നു. വ്യാജ പരാതികളെ തുടർന്നാണ് ഇത്തരമൊരു നീക്കമുണ്ടായതെന്നാണ് ഔദ്യോഗിക ഭാഷ്യം. പരാതിയിലുള്ള അപ്പീൽ അപേക്ഷക്കും കൗൺസിൽ ഫീസ് വെച്ചിട്ടുണ്ട്. 10,000 രൂപയാണ് അപ്പീൽ അപേക്ഷക്കൊപ്പം വെക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ഫീസ് നിരക്കിൽ 10 ശതമാനം ഇളവ് പ്രഖ്യാപിച്ചിട്ടുമുണ്ട്. സർക്കാർ ആശുപത്രികളിലെത്തുന്ന സാധാരണക്കാർക്കാണ് ഡോക്ടർമാരുടെ പീഡനത്തെപ്പറ്റിയും അനാസ്ഥ സംബന്ധിച്ചും ഏറെ പരാതിപ്പെടാൻ ഉണ്ടാവുക എന്നിരിക്കേ നടപടി ഏറെ ബാധിക്കുക ഇവരെത്തന്നെയാണ്.

ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ സംസ്ഥാന ഘടകമായ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ അംഗങ്ങൾ പരാതി ഫീസിനെ സംബന്ധിച്ച് വിവരം ലഭിച്ചില്ലെന്ന് കൗൺസിൽ അറിയിച്ചു.

## നദികൾക്ക് ഇനി വേണ്ടത് ദയാവധം

ബഹു. കേരള മുഖ്യമന്ത്രിക്ക്,

ഏറിയൊരു കാലം മക്കളെ തീറ്റിപ്പോറ്റിയും പരിചരിച്ചും വയസ്സായി തളർന്നുകഴിഞ്ഞ, നാൽപ്പതോളം വരുന്ന അഗതികളുടെ പ്രതിനിധികളാണ് ഞങ്ങൾ. മക്കളുടെയും കാരണവന്മാരുടെയും അത്യാർത്തിയെ തൃപ്തിപ്പെടുത്താൻ വയ്യാതെയായ ഞങ്ങൾക്ക് ഇനി വധശിക്ഷ നൽകുന്നതിൽ പ്രായോഗിക ബുദ്ധി ഉണ്ടെന്ന് സമ്മതിക്കുന്നു. പക്ഷേ, ദയാവധം വേണമെന്ന് മാത്രമാണ് ഞങ്ങളുടെ നിവേദനം. 2–1–2008 ൽ അങ്ങ് പുറപ്പെടുവിച്ച അസാധാരണ ഗസറ്റ് പ്രകാരം, ഞങ്ങളിൽ ഓരോരുത്തരുടെയും ഇടംവലം ശരീരഭാഗങ്ങൾ മപണംവരെ മാന്തിക്കുഴിച്ചുകൊള്ളാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് നിർദ്ദാക്ഷിണ്യവും ക്രൂരവുമാകുന്നു. ആകയാൽ ദയവായി ഒറ്റയടിക്ക് മൂലസ്ഥാനത്തുതന്നെ വെട്ടിമൂടാനുള്ള അനുമതിയായി പ്രസ്തുത വിജ്ഞാപനം തിരുത്തി പുറപ്പെടുവിക്കണം എന്ന് അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്, ഭാരതപ്പുഴ, പെരിയാർ, പമ്പാനദി, **സുഗതകുമാരി** (നിലവറ വിചാരിപ്പ്), **വിഷ്ണുനാരായണൻ നമ്പൂതിരി** (തേവാരം)